LIBRARY ARCHIVES Kerala Legislative Assembly

ത്രിതല പഞ്ചായത്തുകളിൽ പഞ്ചവൽസര പദ്ധതി

262 (1736) ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്തുകളിൽ പഞ്ചവൽസര പദ്ധതി ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്, വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പ്രദേശത്തിന്റേയും അവിടുത്തെ ജനങ്ങളുടേയും സമഗ്ര വികസനവും പുരോഗതിയുമാണ് പഞ്ചവത്സര പദ്ധതി ആസൂത്രണത്തിന്റെ മുഖ്യ ലക്ഷ്യം.

(സി) പദ്ധതി നടത്തിപ്പിനായി 16-11-2013-ൽ സ.ഉ.(എം.എസ്.) നമ്പർ 362/2013/തസ്വഭവ നമ്പരായി പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്.

ശുചിത്വ കേരളം പദ്ധതി

263 (T* 1737) ശ്രീ. ആർ. സെൽവരാജ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശുചിത്വ കേരളം പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഈ പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശുചിത്വ കേരളം പദ്ധതിയുടെ ഭാഗമായി താഴെപ്പറയുന്ന ലക്ഷ്യങ്ങളാണ് ഉദ്ദേശിക്കുന്നത്.

1. നഗരങ്ങളിലെ ശാസ്ത്രീയ ഖരമാലിന്യ പരിപാലനം
2. ഗ്രാമപഞ്ചായത്തുകളിലെ ഖരമാലിന്യ പരിപാലനം
3. ഖരമാലിന്യ സംസ്കരണ സംവിധാനത്തിന്റെ പുനരുദ്ധാരണം
4. അറവുശാല നിർമ്മാണം അഥവാ നവീകരണം
5. അറവുശാല മാലിന്യ സംസ്കരണം
6. സ്ഥാപനങ്ങൾക്ക് മാതൃകാ ദ്രവമാലിന്യ പരിപാലന പദ്ധതി
7. മാതൃകാ സെപ്റ്റേജ് മാനേജ്മെന്റ് പരിപാടി
8. പൊതു ശുചിത്വ കോംപ്ലക്സ്
9. മാലിന്യമുക്ത കേരളം പ്രചാരണം, വിവര വിജ്ഞാന വ്യാപനം
10. മാലിന്യ മുക്ത കേരളം അവാർഡ്
11. പഠന-വിവരണ ശേഖരണ പ്രവർത്തനം
12. പങ്കാളികൾക്കുള്ള ശേഷി വികസന പരിപാടി

(സി) വിവരം ശേഖരിച്ചുവരുന്നു.

പ്രവാസി കേരളീയർക്ക് സമ്മതിദാനം

264 (1738) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ത്രിതലപഞ്ചായത്തുകളിൽ പ്രവാസി കേരളീയർക്ക് സമ്മതിദാനം വിനിയോഗിയ്ക്കുന്നതിനുള്ള പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly